"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ.അമർ ഇലാഹിയുടെ കുടുംബത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.12/2025/DMD    തീയതി 07-01-2025,തിരുവനന്തപുരം

---

പരാമർശം:- 1) 18/06/2023 തീയതിയിലെ സ.ഉ(കൈ)നം.6/2023/ഡിഎംഡി ഉത്തരവ്

2) 07/03/2024 തീയതിയിലെ സ.ഉ(കൈ)നം.4/2024/ഡിഎംഡി ഉത്തരവ്

3) 29/12/2024 തീയതിയിലെ ഇടുക്കി ജില്ലാ കളക്ടറുടെ DCIDK/7044/2024-DM3 നമ്പർ കത്ത്

**ഉത്തരവ്**

കാട്ടാനയുടെ ആക്രമണം മൂലം മരണപ്പെട്ട തൊടുപുഴ താലൂക്കിൽ വണ്ണപ്പുറം പഞ്ചായത്തിൽ ഒന്നാം വാർഡിൽ അമേൽതൊടി ഭാഗത്ത് പാലിയത്ത് വീട്ടിൽ ശ്രീ.അമർ ഇലാഹിയുടെ ബന്ധുക്കൾക്ക് അടിയന്തിര ധനസഹായം അനുവദിക്കണമെന്ന് പരാമർശം 3 പ്രകാരം ഇടുക്കി ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വന്യജീവി ആക്രമണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ, ശ്രീ.അമർ ഇലാഹിയുടെ ബന്ധുക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപ (നാലു ലക്ഷം രൂപ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി

വെബ് ആന്റ് ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 07-01-2025 11:56:30**

സെക്ഷൻ ഓഫീസർ